"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീമതി.സുജ ഈപ്പൻ, കൃഷി ഓഫീസർ എന്നവർ കുടുംബശ്രീ മിഷനിൽ അധിക അന്യത്രസേവനമനുഷ്ഠിച്ച കാലാവധി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.964/2025/LSGD തീയതി,തിരുവനന്തപുരം, 15-04-2025

---

പരാമർശം:-

1. കൃഷി ഡയറക്ടറുടെ 28.11.2022 തിയതിയിലെ ADFW/11998/2022-SD4(1), ADFW/11998/2022-SD4(2) നം കത്തുകൾ.
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27/11/2024 തീയതിയിലെ 2136/E1/2024/KSHO നം. കത്ത്.

**ഉത്തരവ്**

കൃഷി വകുപ്പിൽ കൃഷി ഓഫീസർ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി.സുജ ഈപ്പൻ എന്നവർ കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ ഓർഡിനേറ്റർ തസ്തികയിൽ അധിക അന്യത്ര സേവനമനുഷ്ഠിച്ച 02/01/2014 മുതൽ 30/01/2015 വരെയും, ആലപ്പുഴ ജില്ലാ മിഷനിൽ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ തസ്തികയിൽ അധിക അന്യത്ര സേവനമനുഷ്ഠിച്ച 17/07/2018 മുതൽ 31/12/2018 വരെയും ഉള്ള കാലയളവ് ക്രമീകരിച്ച് നല്കണമെന്ന് പരാമർശം (1) പ്രകാരം കൃഷി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കൃഷി ഓഫീസർ, ശ്രീമതി. സുജ ഈപ്പൻ സർക്കാർ അനുമതിയില്ലാതെ കുടുംബശ്രീ മിഷനിൽ അന്യത്ര സേവനത്തിൽ തുടർന്ന 02.01.2014 മുതൽ ടിയാൾ തിരികെ മാതൃവകുപ്പിൽ നിയമനത്തിനായി റിപ്പോർട്ട് ചെയ്ത തീയതി വരെയുള്ള കാലഘട്ടവും, 17.07.2018 മുതൽ ടിയാൾ തിരികെ മാതൃവകുപ്പിൽ നിയമനത്തിനായി റിപ്പോർട്ട് ചെയ്ത തീയതി വരെയുള്ള കാലഘട്ടവും പരാമർശം (2) ശുപാർശ പരിഗണിച്ച് ഒരു പ്രത്യേക കേസായി കണക്കാക്കി, കെ.എസ്.ആർ. ഭാഗം ഒന്ന് ചട്ടം 140 (സി) -യിൽ ഇളവ് വരുത്തി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ശ്രീമതി. സുജ ഈപ്പൻ, ഡെ. ഡയറക്ടർ, കൃഷി വകുപ്പ് (ഡയറക്ടർ, കൃഷി വകുപ്പ് മുഖേന)

ഡയറക്ടർ, കൃഷി വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം

കൃഷി (ഇ എ) വകുപ്പ് (EA2/318/2022/Agri നമ്പർ ഫയൽ)
ധനകാര്യ (Agri-A) വകുപ്പ്. (No.2323765/Agri-A1/12/2023-FIN പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/285/2023-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 15-04-2025 15:17:46
സെക്ഷൻ ഓഫീസർ